14225
28/6/17

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - വൺ ഡേ ഹോം പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

**സ.ഉ.(സാധാ)നം.400/2017/സാനീവ തീയതി, തിരുവനന്തപുരം,22.06.2017**

---

പരാമർശം: (1) സാമൂഹ്യനീതി ഡയറക്ടറുടെ 31.05.2017 ലെ എഫ്3-16048/17 നമ്പർ കത്ത്.
(2) 02.06.2017 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പും ഇതര വകുപ്പുകളുമായി സംയോജിച്ച് നടപ്പാക്കി വരുന്ന സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്ന് തനിച്ച് എത്തുന്ന സ്ത്രീകൾക്ക് നഗര ഹൃദയഭാഗത്ത് തന്നെ സുരക്ഷിതമായ താമസസൗകര്യം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഒരു ഏകദിന വസതി (One Day Home) എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്നും 28.03.2008 ൽ സ്ത്രീകളുടെ ക്ഷേമത്തിനായി ആരംഭിച്ച ഈ പദ്ധതിയ്ക്ക് വേണ്ടത്ര പ്രചാരം ലഭിക്കാത്തതിനാൽ ഉദ്ദേശിച്ച ഫലപ്രാപ്തിയിൽ എത്തിക്കുവാൻ സാധിച്ചിട്ടില്ലെന്നും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഇന്റർവ്യൂ, വിവിധതരം മത്സരപരീക്ഷകൾ എന്നിവയിൽ പങ്കെടുക്കുന്നതിനായി തനിച്ച് തിരുവന്തപുരത്തെത്തുന്ന വനിതാ ഉദ്യോഗാർത്ഥികൾ, സെക്രട്ടറിയേറ്റ്/ മറ്റു വകുപ്പ് ഡയറക്ടേറ്റുകൾ എന്നിവിടങ്ങളിൽ വ്യക്തിഗത ആവശ്യങ്ങൾക്കും മറ്റ് അടിയന്തിര ആവശ്യങ്ങൾക്കുമായി രാത്രിയോ വൈകുന്നേരങ്ങളിലോ ഒറ്റയ്ക്ക് എത്തപ്പെടുന്ന സ്ത്രീകൾ/ പെൺകുട്ടികൾ എന്നിവർക്ക് സുരക്ഷിതമായ താമസ സൗകര്യം, ഭക്ഷണം എന്നിവ തുച്ഛമായ നിരക്കിൽ നൽകുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യമെന്നും തിരുവനന്തപുരം നഗരത്തിൽ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയ്ക്ക വേണ്ടി തിരുവനന്തപുരം തമ്പാനൂർ കെ.എസ്.ആർ.ടി.സി. ടെർമിനൽ സ്റ്റേഷനിൽ ഉള്ള കെട്ടിട സമുച്ചയത്തിലെ എട്ടാം നിലയിലാണ് സ്ഥലം തെരെഞ്ഞെടുത്തിരിക്കുന്നതെന്നും തിരുവനന്തപുരം നഗരസഭയുടെ സംയുക്ത പങ്കാളിത്തതോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് പദ്ധതിയ്ക്കനുയോജ്യമായ തരത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും മറ്റു സജ്ജീകരണങ്ങൾക്കുമായി ജില്ലാ സാമൂഹ്യനീതി ഓഫീസർ സമർപ്പിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം അലുമിനിയം ഫാബ്രിക്കേഷൻ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനത്തിന് സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ 22,00,000/- രൂപയും മറ്റു സജ്ജീകരണങ്ങൾക്കായി 2,43,750/- രൂപയും ആവർത്തന ചെലവുകൾക്കായി

8,65,000/- രൂപയും ഉൾപ്പെടെ 33,08,750/- രൂപയാണ് വൺ ഡേ ഹോം പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ആവശ്യമായിട്ടുള്ളതെന്നും ഇതിൽ വൺഡേ ഹോമിന്റെ വാടകയിനത്തിൽ നൽകേണ്ടുന്ന 5,04,000/- രൂപയുടെ 50% തുകയായ 2,52,000/- രൂപ തിരുവനന്തപുരം നഗരസഭ വഹിക്കുന്നതാണെന്നും ബാക്കി തുകയായ 30,56,750/- രൂപ 2017-18 സാമ്പത്തിക വർഷത്തിൽ വനിതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ത്രീശാക്തീകരണ പരിപാടികൾക്കായി (മറ്റു വനിതാശാക്തീകരണ പരിപാടികൾ - വൺ ഡേ ഹോമുകളുടെ നടത്തിപ്പ്) 2235-02-103-68(03)(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 12 കോടി രൂപയിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) പ്രവേശനത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കണമെന്നുള്ള നിബന്ധനയോടെ 02.06.2017 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽപ്പറഞ്ഞ നിബന്ധനയോടെ വൺ ഡേ ഹോം പദ്ധതിക്ക് ഭരണാനുമതി നൽകിയും ഇതിലേക്കാവശ്യമായ 30,56,750/- (മുപ്പതു ലക്ഷത്തി അൻപത്താറായിരത്തി എഴുനൂറ്റിയൻപത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിൽ വനിതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ത്രീശാക്തീകരണ പരിപാടികൾക്കായി (മറ്റു വനിതാശാക്തീകരണ പരിപാടികൾ - വൺ ഡേ ഹോമുകളുടെ നടത്തിപ്പ്) 2235-02-103-68(03)(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 12 കോടി രൂപയിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ലീലാമണി.കെ.എം**

**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ